IV സബ്മിഷൻ

(1) പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രദർശനം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, വ്യവസായ വകുപ്പിന്റെയും വാണിജ്യവകുപ്പിന്റെയും നേതൃത്വത്തിൽ നടത്തിയ ഒരു പ്രദർശനത്തിൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് പവലിയനിൽ മെഡിക്കൽ കോളേജ് അധികൃതർ ഒരു മൃതദേഹം പ്രദർശിപ്പിക്കുകയുണ്ടായി. പ്രദർശിപ്പിച്ച മൃതദേഹവുമായി ബന്ധപ്പെട്ട് ബന്ധുക്കൾ അതുസംബന്ധിച്ച് ശക്തമായ ആക്ഷേപം പ്രകടിപ്പിച്ചിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ മൃതദേഹം സംസ്ക്കരിച്ച പള്ളിയിൽ നിന്ന് അത് എടുത്ത് പുഷ്പഗിരി മെഡിക്കൽ കോളേജുകാർ കൊണ്ടുവന്നു പ്രദർശിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അവിടെ പ്രദർശിപ്പിച്ച ഡെഡ് ബോഡി ബന്ധുക്കൾ തിരിച്ചറിയുകയും അത് മനസ്സിലാക്കിയിട്ട് അവർ പള്ളിയിലെ സെമിത്തേരിയിൽ പോയി അത് സംസ്ക്കരിച്ചിരുന്ന കല്ലറ തുറന്നു കാണണമെന്നു ആവശ്യപ്പെടുകയും ചെയ്തു. അതിന് പള്ളി അധികാരികൾ സമ്മതിച്ചില്ല. അവർ ഒരു സമയം പറഞ്ഞു, അതിനു ശേഷം വന്നാൽ കാണിച്ചുതരാമെന്നു പറഞ്ഞു. അങ്ങനെ പിന്നീട് ചെന്നു അവർ ഡെഡ് ബോഡി കണ്ടു; അത് സ്വന്തക്കാരുടേതാണെന്ന്, അച്ഛന്റേതാണെന്ന്, ഭർത്താവിന്റേതാണെന്നു മനസ്സിലാക്കാൻ ഇടയായി. ഇതുസംബന്ധിച്ച് ബന്ധുക്കളും ഡെഡ് ബോഡിയുടെ ഉടമകളുമൊക്കെയായിട്ടുള്ള ആളുകൾ വളരെ ഉൽകണ്ഠയും വേദനയും പ്രകടിപ്പിക്കുകയും അതിന്റെ പേരിൽ ഇന്ന് ആ മേഖലയിലാകെ ശക്തമായ രോഷവും പ്രതിഷേധവും ഉയർന്നുവന്നിരിക്കുകയുമാണ്. മെഡിക്കൽ കോളേജ് കുട്ടികളുടെ പഠനത്തിനുവേണ്ടി മൃതദേഹം സാധാരണ ന്യായമായ നിലയിലും മാന്യമായ നിലയിലും ശേഖരിച്ച് കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടിയിട്ടുള്ള ശ്രമം നടത്തുന്നത് സ്വാഭാവികമാണ്; ആവശ്യവുമാണ്. എന്നാൽ പള്ളിയിൽ അടക്കം ചെയ്തിരുന്ന മൃതദേഹം ഇതുപോലുള്ള കാര്യത്തിന് ഉപയോഗിക്കുക എന്ന നാണംകെട്ട സമീപനമാണ് ഈ സ്വാശ്രയ മാനേജുമെന്റ് കോളേജുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഒരു തരത്തിലും അനുവദിക്കാൻ പാടില്ലാത്തതാണ്. ഇത് എങ്ങനെ സംഭവിച്ചു എന്നുള്ളത് സംബന്ധിച്ച് അടിയന്തിരവും ഗൗരവവുമായ ഒരു അന്വേഷണം നടത്തേണ്ടതുണ്ട്. ഇത്തരം തോന്ന്യാസങ്ങൾ ഈ സ്വാശ്രയ മാനേജുമെന്റ് മെഡിക്കൽ കോളേജുകൾക്ക് നടത്താനുള്ള അവസരം യാതൊരു കാരണവശാലും ഉണ്ടാകാൻ പാടില്ല, അത് നമ്മുടെ കേരളത്തിനാകെത്തന്നെ അപമാനകരമായിട്ടുള്ള കാര്യമാണ്. അത് ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ 'ഇന്റക്സ് 2005' എന്ന പേരിൽ 7-1-2005 മുതൽ 16-1-2005 വരെ ഒരു വ്യാവസായിക പ്രദർശന മേള നടന്നു. ആ മേളയിൽ ഒരു സ്വകാര്യ മെഡിക്കൽ കോളേജ് പവലിയനിൽ ഒരു മൃതദേഹം പ്രദർശിപ്പിച്ചിരുന്നു. ആ

LIBRARY ARCHIVES Kerala Legislative Assembly

മൃതദേഹം 2004, ജൂണിൽ മരിച്ച് സെമിത്തേരിയിൽ അടക്കം ചെയ്തിരുന്ന ഒരാളുടേതാണെന്നു ബന്ധുക്കൾ തിരിച്ചറിഞ്ഞതായി പത്ര വാർത്ത വന്നു. ഇതുവരെ ബന്ധുക്കൾ ആരും പോലീസിൽ പരാതിപ്പെടുകയോ ഇങ്ങനെ ഒരു ആക്ഷേപം എഴുതി തരുകയോ ചെയ്തിട്ടില്ല. അങ്ങ് പറഞ്ഞത് ശരിയാണെങ്കിൽ ഇത് വളരെ ഗൗരവമായ കാര്യമാണ്. പക്ഷേ ഈ സംഭവം കഴിഞ്ഞിട്ട് ദിവസങ്ങൾ പലതുകഴിഞ്ഞു. ഇതുവരെ ബന്ധുക്കൾ ആരും പോലീസിൽ പരാതിപ്പെട്ടിട്ടില്ല. പത്രത്തിൽ കണ്ട വാർത്ത അനുസരിച്ച് പോലീസ് ഒരു കേസ് എടുത്തിട്ടുണ്ട്; പക്ഷേ ആരും പരാതിപെട്ടിട്ടില്ല. ഒരു കാര്യം അങ്ങയോട് ഞാൻ പറയുന്നു, അങ്ങ് പറഞ്ഞ കാര്യത്തിൽ എന്തെങ്കിലും ശരി ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാത്ത വിധത്തിൽ കർശനമായ നടപടി എടുക്കും. പക്ഷേ ആരെയെങ്കിലും ബ്ലാക്ക്മെയിൽ ചെയ്യാൻ ഇതുപോലെ ഒരു അവസരം എടുക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

(2) എൻ. എച്ച്. 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെ നാലുവരി പാതയാക്കുന്നതിനോടനുബന്ധിച്ചുള്ള ആശങ്ക

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, വാളയാർ-മണ്ണുത്തി ദേശീയ പാത വീതികൂട്ടി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. 60 മീറ്റർ അകലയർ ചെയ്യാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ ദേശീയ പാത വീതി കൂട്ടണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആ ആവശ്യം ഞാൻതന്നെ നിയമസഭയിൽ പലതവണ ഉന്നയിച്ചതാണ്. വളരെ ഗൗരവമായ നിരവധി അപകടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നതുകൊണ്ട് വീതി കൂട്ടി നാല് വരിയാക്കണമെന്ന കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. എന്നാൽ 60 മീറ്റർ അകലയർ ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ പ്രോജക്ട് ഡയറക്ടർ ആഫീസിൽ അന്വേഷിച്ചപ്പോൾ ദേശീയ പാത അതോറിറ്റി ഒഫ് ഇന്ത്യയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 60 മീറ്റർ അകലയർ ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതെന്നാണ് മനസിലാക്കാൻ കഴിയുന്നത്. എന്നാൽ ഇപ്പോൾ നാല് വരി പാതയാണുണ്ടാക്കുന്നത്. നാല് വരിപ്പാതയുണ്ടാക്കുന്നതിനുവേണ്ടി 60 മീറ്റർ അകലയർ ചെയ്യേണ്ട കാര്യമില്ല. 45 മീറ്റർ മതി. 19-4-2004-ലാണ്, ഇനി നമ്മുടെ രാജ്യത്ത് ദേശീയ പാതയുണ്ടാക്കുകയാണെങ്കിൽ അത് 60 മീറ്റർ വേണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉത്തരവ് വന്നത്. അതിനുശേഷമാണ് മണ്ണുത്തി-അങ്കമാലി പാതയുടെ പ്രവർത്തനം ആരംഭിച്ചത്. മണ്ണുത്തി-അങ്കമാലി പാതയുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ അവിടെ 45 മീറ്റർ സ്ഥലം മാത്രമാണ് എടുത്തിട്ടുള്ളത്. അതിനുശേഷം ആരംഭിച്ചിട്ടുള്ള മണ്ണുത്തി ദേശീയ പാതയ്ക്ക് 60 മീറ്റർ സ്ഥലം വേണമെന്നു പറയുന്നതിൽ ഒരു ന്യായവും ഇല്ല. ഇപ്പോൾ പാസഞ്ചർ കാർ യൂണിറ്റ് ഡെയ്ലി ഒരു ലക്ഷമാണ് മണ്ണുത്തി-അങ്കമാലി പാതയിലുള്ളത്. അതേ സമയം വാളയാർ-മണ്ണുത്തി പാതയിൽ 25,000 മാത്രമേയുള്ളു. ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ പാസഞ്ചർ കാർ യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം ഒരു ലക്ഷം വാഹനങ്ങൾ പോകുന്ന മണ്ണുത്തി-അങ്കമാലി പാതയ്ക്ക് 45 മീറ്ററും 25,000 വാഹനങ്ങൾ മാത്രം പോകുന്ന വാളയാർ മണ്ണുത്തി പാതയ്ക്ക് 60 മീറ്ററും അകലയർ ചെയ്തിരിക്കുന്നത് അശാസ്ത്രീയമാണ്. ഇതുമായി

LIBRARY ARCHIVES Kerala Legislative Assembly